# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1435 06.03.2018-ൽ മറുപടിയ്ക്ക്.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ. യുടെ മണ്ഡല ആസ്തി വികസന ഫണ്ട് 2016-17 വിനിയോഗിച്ച്, കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികളിൽ ഭൂരിഭാഗവും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലുള്ള അപാകതമൂലം, ഭരണാനുമതി ലഭിച്ചതിനുശേഷവും, ഭരണാനുമതി ലഭിച്ച തുകയിൽ നിലനിർത്തി, പ്രവൃത്തികളിൽ ഭേദഗതി വരുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര പ്രവൃത്തികളാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് എന്നും, അവ ഏതൊക്കെയാണ് എന്നും വിശദമാക്കാമോ; | (ബി) | 6 പ്രവൃത്തികൾക്കാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്.<br>1. 2016-17 പുത്തൂർ മുക്ക് ഉരുകൂപ റോഡ്-ചെട്ടിക്കുളങ്ങര പഞ്ചായത്ത്<br>2. 2016-17 ചക്കാലമുക്ക് മുല്ലശ്ശേരി റോഡ് കാന നിർമ്മാണം-കായംകുളം മുനിസിപ്പാലിറ്റി<br>3. 2016-17 ഹോമിയോ ആശുപത്രി |

| | | | |
|---|---|---|---|
| | | | നിർമ്മാണം-പത്തിയൂർ പഞ്ചായത്ത്<br>4. 2016-17 എരുവപ്പാലം കരിപ്പുഴ കനാൽ ചീർപ്പിൽ നിന്നും കിഴക്കോട്ട് കായലാക്കൽ തോടിന് കോൺക്രീറ്റ് ഫുട്സ്ളാബും സൈഡ് പ്രൊട്ടക്ഷനും-കായംകുളം മുനിസിപ്പാലിറ്റി.<br>5. 2016-17 പട്ടത്തിൽമുക്ക്-കറക്കാവ് കരിഞ്ഞാപ്പടിക്കൽ പാറയിൽ മുക്ക് റോഡ് നിർമ്മാണം<br>6. തെക്കേക്കര എൽ.പി.എസ് ജങ്ഷൻ-പീഠികത്തറ റോഡ്-ചെട്ടിക്കുളങ്ങര ഗ്രാമ പഞ്ചായത്ത് |
| (സി) | എസ്ററിമേറ്റ് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന അപാകത മൂലം പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുകയും പ്രവൃത്തികൾക്ക് പൂർണ്ണത ഉണ്ടാകുന്നില്ല എന്ന വസ്തുതയും കണക്കിലെടുത്ത് കൃത്യമായും, അപാകതകൾ ഉണ്ടാകാത്തതരത്തിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ? | (സി) | അപാകതകൾ ഉണ്ടാകാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ